Draft #7 of File 3558/AD A1/ASO1/2018/AD A 1 Approved by DEPUTY REGISTRAR I ADMINISTRATION on 31-Jan-2019 04:50 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 299/2019/എം.ജി.യു പി.ഡി. ഹിൽസ്,തീയതി: 31.01.2019

---

പരാമർശം:-1. ശ്രീമതി. ദീപ എൻ.ആർ, സെക്ഷൻ ഓഫീസറുടെ 18.01.2019-ലെ സമർപ്പണം.

2. ശ്രീമതി. ലത പി.എസ്., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറുടെ 22.01.2019-ലെ സമർപ്പണം.

3. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016

4. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

**ഉത്തരവ്**

ശ്രീ. ജയകുമാർ പി.വി., അസിസ്റ്റൻറ് രജിസ്ട്രാർ 4 (ഭരണവിഭാഗം), ശ്രീമതി. ജലജ ഇ., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, CBCSS XIII സെക്ഷൻ എന്നീ ഉദ്യോഗസ്ഥർ 31.01.2019-ൽ സർവ്വകലാശാലാ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.

ശ്രീമതി. ദീപ എൻ.ആർ., EI XVI സെക്ഷൻ, 01.02.2019 മുതൽ 06.04.2019 വരെ, 65 ദിവസത്തെ അവധിയ്ക്ക് (20 ദിവസത്തെ ആർജിതാവധിയ്ക്കും, 45 ദിവസത്തെ ശൂന്യവേതനാവധിയ്ക്കും) സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി. ലത പി.എസ്., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, 18.12.2018 മുതൽ 31.01.2019 വരെ 45 ദിവസത്തെ പരിവർത്തിതാവധിയ്ക്ക് ശേഷം 01.02.2019-ന് സർവ്വീസിൽ തിരികെ പ്രവേശിക്കാൻ സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നവ പരിഗണിച്ച് താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് നിയമനവും സ്ഥലംമാറ്റവും നൽകിക്കൊണ്ട് ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാർ 1 ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1 | ശ്രീ. സ്റ്റാലിൻ പി.എസ്. ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ എസി.സി. 1 സെക്ഷൻ | 01.02.2019 പൂർവ്വാഹ്നം മുതൽ അസിസ്റ്റൻറ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 45,800-89,000/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജയകുമാർ പി.വി., അസിസ്റ്റൻറ് രജിസ്ട്രാർ വിരമിക്കുന്നതിനെ ത്തുടർന്നുണ്ടാകുന്ന തസ്തിക ഒഴിവ് | ശ്രീ. ജയകുമാർ പി.വി. വിരമിക്കുന്നതിനെ ത്തുടർന്നുണ്ടാകുന്ന ഒഴിവിൽ, അസിസ്റ്റൻറ് രജിസ്ട്രാർ 4 (ഭരണവിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | |
|---|---|---|---|---|
| 2 | എസി.ബി. 1 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ. മനോജ് കെ.കെ.-യെ, ശ്രീ. സ്റ്റാലിൻ പി.എസ്., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, എസി.സി. 1 സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 3 | ശ്രീ. ശ്രീകുമാർ ടി.<br>സെക്ഷൻ ഓഫീസർ<br>സി.എസ്.എസ്. സെക്ഷൻ | 01.02.2019 പൂർവ്വാഹ്നം മുതൽ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 40,500-85,000/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സ്റ്റാലിൻ പി.എസ്., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെ തുടർന്നുണ്ടാകുന്ന തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 4 | ശ്രീമതി. സചിത്ര പി.<br>അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ<br>പി. ആർ. 3 സെക്ഷൻ | 01.02.2019 പൂർവ്വാഹ്നം മുതൽ സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 36,600-79,200/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ശ്രീകുമാർ ടി. സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെ തുടർന്നുണ്ടാകുന്ന തസ്തിക ഒഴിവ് | ശ്രീമതി. ജലജ ഇ. വിരമിക്കുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, ഇ.ഐ. 13 സെക്ഷനിൽ, നിയമിച്ചിരിക്കുന്നു. |
| 5 | സി.ബി.സി.എസ്.എസ്. 11 സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. ജയമോഹൻ ബി.-യെ, ശ്രീമതി. ദീപ എൻ.ആർ. അവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ, ഇ.ഐ. 16 സെക്ഷനിൽ, സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 6 | ശ്രീ. മാത്യു ജോസ്<br>അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ<br>ഇ.ജെ. 4 സെക്ഷൻ | 01.02.2019 പൂർവ്വാഹ്നം മുതൽ സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 36,600-79,200/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. ദീപ എൻ.ആർ., സെക്ഷൻ ഓഫീസർ അവധിയിൽ പ്രവേശിക്കുന്നതിനെ തുടർന്നുണ്ടാകുന്ന തസ്തിക ഒഴിവ് | ശ്രീ. ജയമോഹൻ ബി.-യെ സ്ഥലംമാറ്റി നിയമിച്ചതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, സി.ബി.സി.എസ്.എസ്. 11 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 7 | ഇ.എച്ച്. 11 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ. ബിജു എം.എസ്.-നെ, ശ്രീ. മനോജ് കെ.കെ.-യെ സ്ഥലംമാറ്റി നിയമിച്ചതിനെത്തുടർന്നുണ്ടാകുന്ന ഒഴിവിൽ, എസി.ബി. 1 സെക്ഷനിൽ സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 8 | ശ്രീമതി. ലത പി.എസ്.<br>ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ | 01.02.2019 പൂർവ്വാഹ്നം മുതൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്നു. | ശ്രീമതി. ജലജ ഇ., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ വിരമിക്കുന്നതിനെ തുടർന്നുണ്ടാകുന്ന തസ്തിക ഒഴിവ് | ശ്രീ. ബിജു എം.എസ്.-നെ സ്ഥലംമാറ്റി നിയമിച്ചതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, ഇ.എച്ച്. 11 സെക്ഷനിലെ സെക്ഷൻ ഓഫീസറായി നിയമിച്ചിരിക്കുന്നു. |

Draft #7 of File 3558/AD A1/ASO1/2018/AD A 1 Approved by DEPUTY REGISTRAR I ADMINISTRATION on 31-Jan-2019 04:50 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റൻറ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

SREERAJ R.

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എIII/എഡി.എ.IV/എഡി.എVI/VIII/എഡി.സി I/II/III/ എഫ്.സി.സി./എഡി.ബി.IX/ഓഡിറ്റ് II
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂഎ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #7 of File 3558/AD A1/ASO1/2018/AD A 1 Approved by DEPUTY REGISTRAR I ADMINISTRATION on 31-Jan-2019 04:50 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം